ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ജനിതക ഗവേഷണത്തിന്റെ കാര്യത്തിൽ കാർഷിക സർവ്വകലാശാലയാണ് മുൻകൈയെടുക്കേണ്ടത്. ഈ നിർദ്ദേശം കാർഷിക സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്താം. എന്നാൽ ഇപ്പോൾ തന്നെ അവർ കണ്ടെത്തിയിട്ടുള്ള രണ്ട് പുതിയയിനം കശുമാവ് തൈകൾ മൂന്നുവർഷംകൊണ്ട് കായ്ക്കുന്നവയാണ് . ഒരഞ്ചുവർഷം കൊണ്ട് ഒരു കശുമാവ് ചെടിയിൽനിന്നും ശരാശരി 15 കിലോഗ്രാം കശുവണ്ടി ലഭിക്കാനുള്ള സാദ്ധ്യതയുണ്ടെന്നാണ് അനുഭവങ്ങളിലൂടെ തെളിഞ്ഞിട്ടുള്ളത്.

ശ്രീ. എം. വി. ജയരാജൻ : സർ, കശുമാവ് കൃഷി വ്യാപകമാക്കാൻ ആവശ്യമായിട്ടുള്ള സ്ഥലം കണ്ടെത്താൻ കഴിയുന്നില്ലായെന്നാണ് മന്ത്രി ഇവിടെ വ്യക്തമാക്കിയത്. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ തരിശായി കിടക്കുന്ന നിരവധി സ്ഥലം കശുമാവ് കൃഷിക്കായി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിനെ സമീപിച്ചിരുന്നു. എന്നാൽ അതൊന്നും കൊടുക്കാതെയാണ് യഥാർത്ഥത്തിൽ ഈ നിലപാട് പറയുന്നത്. തരിശുഭൂമി എന്നുപറഞ്ഞു കഴിഞ്ഞാൽ പഴശ്ശിപ്രോജക്ടിന്റെ കീഴിൽ റിസർവ് ചെയ്തുവച്ചിരിക്കുന്ന ലാന്റുണ്ട്. അതുപോലെയുള്ള ധാരാളം സ്ഥലങ്ങൾ കശുമാവ് കൃഷിക്കുവേണ്ടി കണ്ടെത്താൻ കഴിയും. അതുകൊണ്ട് നമുക്കിവിടെ ഉള്ള ഭൂമി വിട്ടുകൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; അങ്ങനെ വന്നാൽ കൂറേക്കൂടി സ്ഥലത്ത് കശുമാവ് കൃഷിചെയ്യാൻ കഴിയുമെന്ന കാര്യം അങ്ങ് ഗൗരവമായി പരിഗണിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇതിനുവേണ്ടി കൃഷിവകുപ്പിന്റെ കീഴിൽ വേസ്റ്റ് ലാന്റ് ഇല്ല. മറ്റുള്ള സ്ഥലങ്ങൾ, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഭൂമി വ്യവസായ വകുപ്പ് നേരിട്ട് അവരോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

മി. സ്പീക്കർ : ചോദ്യം 210

കെ. എഫ്. സി. യുടെ വായ്പാ വ്യവസ്ഥകൾ

4 (*210) ശ്രീ. എം. എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ദാസൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് കേരള ഫിനാഷ്യൽ കോർപ്പറേഷൻ ഏതെല്ലാം വ്യവസ്ഥകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ വ്യവസായ സംരംഭകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് കോർപ്പറേഷൻ നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവ് അനുവദിക്കാൻ ആലോചിക്കുമോ ;

(ഡി) ഇപ്പോൾ കോർപ്പറേഷന്റെ സഹായത്തോടുകൂടി എത്ര വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഇവയ്ക്ക് എന്തു തുക കോർപ്പറേഷൻ വായ്പ ഇനത്തിൽ അനുവദിച്ചിട്ടുണ്ട് ;

(എഫ്) ഇപ്പോൾ കോർപ്പറേഷൻ ഏതൊക്കെ വ്യവസായ സംരംഭകർക്ക് വായ്പ അനുവദിക്കുന്നുണ്ട് ;

(ജി) കോർപ്പറേഷൻ വായ്പ നൽകുന്നത് ഏതൊക്കെ പദ്ധതികൾക്ക് വേണ്ടിയാണെന്ന് അറിയിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ സംരംഭകരെ സഹായിക്കുന്നതിനും എല്ലാവിധ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനുവേണ്ടിയും പ്രത്യേക വ്യവസായ വികസനവിഭാഗം കെ.എഫ്.സി. യുടെ കേന്ദ്ര ഓഫീസിലും ജില്ലാ ഓഫീസുകളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ചെറുകിട വ്യവസായങ്ങൾക്കും ഇടത്തരം വ്യവസായങ്ങൾക്കും 240 ലക്ഷം രൂപവരെ വായ്പ കെ.എഫ്.സി. അനുവദിക്കാറുണ്ട്. നാഷണൽ ഇക്വിറ്റി ഫണ്ട്, മഹിളാ ഉദ്യംനിധി, വിമുക്തഭടൻമാർക്കുള്ള പ്രത്യേക വായ്പാ പദ്ധതി തുടങ്ങിയ പദ്ധതികളിൽമേൽ ഒരു ശതമാനം സർവീസ് ചാർജ് മാത്രം ഈടാക്കിക്കൊണ്ട് വ്യവസായ സംരംഭകർക്ക് മൂലധന വായ്പയും അനുവദിക്കാറുണ്ട്. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, ഷോപ്പിംഗ് കോപ്ലക്സ് തുടങ്ങിയവയുടെ നിർമ്മാണത്തിന് മൊത്തം അടങ്കൽ തുകയുടെ 60 ശതമാനം വരെ വായ്പാ അനുവദിക്കാറുണ്ട്. പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വ്യവസായങ്ങളുടെ വികസനത്തിനായി പ്രവർത്തന മൂലധനവായ്പ, ഹ്രസ്വകാല വായ്പ, എക്വിപ്മെന്റ് ലീസിംഗ്, ഹയർ പർച്ചേസ്, ബിൽ ഡിസ്കൗണ്ടിംഗ് തുടങ്ങിയ പദ്ധതികളും നിലവിലുണ്ട്. വായ്പ തിരിച്ചടയ്ക്കുന്നതിന് ഉദാരമായ വ്യവസ്ഥകളാണുള്ളത്. ട്രാൻസ്പോർട്ട് വായ്പകൾക്ക് 6 വർഷംവരെയും വ്യാവസായിക വായ്പകൾക്ക് ആവശ്യാനുസരണം 10 വർഷംവരെയും തിരിച്ചടയ്ക്കുന്നതിന് കാലാവധി അനുവദിക്കാറുണ്ട്.

അടുത്ത കാലത്തായി സാങ്കേതിക വൈജ്ഞാനിക (ഇൻഫർമേഷൻ ടെക്നോളജി) മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനവും ദീർഘകാല വായ്പയും ഒന്നിച്ചു നൽകുന്നു. ഏകജാലക സംവിധാനവും (സിംഗിൾ വിൻഡോ സിസ്റ്റം) നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. വിമുക്തഭടൻമാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഉദാരമായ വ്യവസ്ഥകളിൽ വായ്പ അനുവദിക്കുന്നു.

2. സാങ്കേതിക പരിജ്ഞാനമുള്ള സംരംഭകർക്ക് സാധാരണ വ്യവസ്ഥകളിൽ ഇളവുകൾ നൽകി വായ്പ അനുവദിക്കുന്നു.

3. അർഹതയുള്ള വ്യവസായ സംരംഭകർക്ക് ദേശീയ മൂലധന നിധിയിൽനിന്നുള്ള പലിശരഹിത വായ്പ അനുവദിച്ചു കൊടുക്കുന്നു.

(സി) വായ്പാപേക്ഷകളിൻമേൽ താമസംവിനാ തീരുമാനമെടുക്കുന്നതിനു വേണ്ടി 50 ലക്ഷം രൂപവരെയുള്ള വായ്പാപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിനും 75 ലക്ഷം വരെയുള്ള അപേക്ഷകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിനും ജില്ലാ ഓഫീസുകൾക്കും അതിനുമുകളിലുള്ള വായ്പാപേക്ഷകൾ സ്വീകരിക്കുന്നതിനും ശുപാർശകൾ നൽകുന്നതിനും പ്രാദേശിക ഓഫീസുകൾക്കും അധികാരം നൽകിയിട്ടുണ്ട്. 240 ലക്ഷം രൂപവരെ ആവശ്യാനുസരണം വായ്പാഗഡുക്കൾ വിതരണം ചെയ്യുന്നതിന് ജില്ലാ ഓഫീസുകൾക്ക് അധികാരമുണ്ട്.

കൂടാതെ കാലാവധിക്കുമുൻപ് അടച്ചുതീർക്കുന്ന വായ്പകൾക്ക് ചുമത്തിയിരുന്ന അധിക പലിശ നിർത്തലാക്കി, വായ്പ അനുവദിക്കുമ്പോൾ ചുമത്തിയിരുന്ന ഒരു ശതമാനം അപ്ഫ്രെണ്ട് ഫീസും നിർത്തലാക്കിയിട്ടുണ്ട്.

(ഡി) 31-3-1999 വരെ 28,923 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) 1,317 കോടി രൂപ

(എഫ്) ഒറ്റയായോ, പങ്കാളികളായോ, കമ്പനിയായോ, സൊസൈറ്റി രൂപീകരിച്ചോ ആംഭിക്കുന്ന വ്യവസായ സംരംഭകർക്ക് വായ്പ അനുവദിക്കുന്നുണ്ട്.

(ജി) 1. ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും.

2. പ്രവർത്തന മൂലധനവായ്പ

3. ദേശീയ മൂലധനവായ്പ

4. വിമുക്തഭടൻമാർക്ക്

5. സാങ്കേതിക പരിജ്ഞാനമുള്ളവർക്കുള്ള വായ്പ

6. ഹ്രസ്വകാല വായ്പ

7. തവണവ്യവസ്ഥയിൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന്

8. കമ്പോളനിലവാര പഠനത്തിന്

9. ഉൽപ്പന്നങ്ങളുടെ പരസ്യം നൽകുന്നതിന്

10. മരുന്നുവിൽപ്പനശാലകൾ തുടങ്ങുന്നതിന്

11. ഉൽപ്പന്നങ്ങളുടെ പ്രദർശനമേളകളിൽ പങ്കെടുക്കുന്നതിന്

12. ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്

13. സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും

14. വാഹനങ്ങൾ വാങ്ങുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

15. സുഖവാസകേന്ദ്രങ്ങൾ തുടങ്ങുന്നതിന്
16. ഭക്ഷണശാലകൾ തുടങ്ങുന്നതിന്
17. കല്യാണമണ്ഡപം പണിയുന്നതിന്
18. വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തുന്നതിന്
19. വാണിജ്യ സ്ഥാപന സമുച്ചയങ്ങൾ പണിയുന്നതിന്
20. ജനറേറ്റർ വാങ്ങുന്നതിന്
21. ഗോഡൗണുകൾ പണിയുന്നതിന്
22. മൃഗാശുപത്രികൾ തുടങ്ങുന്നതിന്
23. സഞ്ചരിക്കുന്ന ഭക്ഷണശാലകൾ തുടങ്ങുന്നതിന്
24. തുണി, ചണം ഇവ ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകളുടെ സാങ്കേതിക വിദ്യ ഉയർത്തുന്നതിന്
25. വിവരവിജ്ഞാന സാങ്കേതിക മേഖല വികസിപ്പിക്കുന്നതിനുള്ള സംരംഭം തുടങ്ങുന്നതിന്.

ശ്രീ. എം. എ. തോമസ് : കെ. എഫ്. സി. യിൽ നിന്ന് വായ്പ എടുത്ത് പ്രവർത്തനം ആരംഭിച്ച ഒട്ടേറെ യൂണിറ്റുകൾ പ്രവർത്തനരഹിതമാകാറുണ്ട്. ഇതിനുവേണ്ടി എടുത്തതായ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ പലിശയും പലിശയുടെ പലിശയുംകൂടി ഭീമമായ തുക കുടിശ്ശികയായി വരികയും ജപ്തി നടപടികൾ നേരിടുകയും ചെയ്യുന്ന നിരവധി കേസുകളുണ്ട്. ഇങ്ങനെയുള്ള ആളുകൾക്ക് ഈ കടക്കെണിയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി കെ.എഫ്.സി. എന്തെല്ലാം ആനുകൂല്യം നൽകുന്നുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : കെ. എഫ്. സി. ഒരു പാർലമെന്റ് ആക്ടിന്റെ ഉൽപന്നമാണ്. അതുകൊണ്ടുതന്നെ അതിന്റെ വായ്പാകാര്യങ്ങളെല്ലാം ആ ആക്ടിന്റെ പരിധിയിൽനിന്നുകൊണ്ടാണ് ബോർഡ് തീരുമാനിക്കുന്നത്. കെ.എഫ്.സി. ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നില്ല. സിഡ്ബി, ഐ.ഡി.ബി.ഐ. ബാങ്കുകൾ എന്നിവയിൽനിന്നു കിട്ടുന്ന പൈസ കെ. എഫ്. സി. റീഫൈനാൻസിംഗ് ചെയ്യുന്നതേയുള്ളൂ. ആ നിലയ്ക്ക് കെ. എഫ്. സി. കടം വാങ്ങിയിട്ടുള്ള പൈസ തിരിച്ചുകൊടുക്കുമ്പോൾ എന്തെല്ലാം വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകളിൽ ചെറിയൊരു അയവ് വരുത്തിയിട്ടെങ്കിലും നമ്മുടെ കടക്കാർക്ക് കൊടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഒരു കാര്യം പറയാനുള്ളത്, 1.5 ശതമാനം മാത്രമാണ് ഈ സെക്ഷന്റേതായിട്ട് ഏറ്റെടുത്തത്. 31,000 യൂണിറ്റുകളുള്ളതിൽ മുന്നൂറോ മറ്റോ ആണ് ഇപ്പോഴുള്ളത്. അത് ഓരോന്നും ചർച്ചയ്ക്ക് വിധേയമായി തിരിച്ചുകൊടുക്കാൻ കെ. എഫ്. സി.ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇതാണ് അവരെ നശിപ്പിക്കാതിരിക്കാൻ ചെയ്യുന്നത്. ഇൻഡസ്ട്രി ശരിക്ക് നടക്കുന്നില്ലെങ്കിൽ യൂണിറ്റ് വയബിളാണോയെന്ന് നോക്കി വയബിൾ യൂണിറ്റുകൾക്കേ, ബാങ്കബിളിനെ കൊടുക്കാൻ കഴിയുകയുള്ളൂ. അതല്ലാതെ ഇത് ചാരിട്ടബിൾ എൻഡോൺമെന്റ് ട്രസ്റ്റിൽ രജിസ്റ്റർ ചെയ്ത സ്ഥാപനമല്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly